# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2746 — 19.02.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

**ചോദ്യം**

പ്രൊഫ. സി.രവീന്ദ്രനാഥ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) നെല്ല് സംഭരിച്ച് ഒരാഴ്ചക്കുള്ളിൽ തന്നെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(എ) 2015-16 രണ്ടാം സീസണിൽ 01.01.2016 മുതൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള അടിസ്ഥാന താങ്ങു വില കിലോയ്ക്ക് 14.10 രൂപ പ്രകാരം ആഴ്ചതോറും നൽകി വരുന്നു.

(ബി) 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഏതെല്ലാം സീസണുകളിൽ നെല്ല് സംഭരിക്കുകയുണ്ടായി; എത്ര ദിവസത്തെ ഇടവേളയിലാണ് സബ്സിഡി നൽകിയിരുന്നത് എന്നറിയിക്കാമോ;

(ബി)

| വർഷം | ഒന്നാം സീസൺ (മെ. ടൺ) | രണ്ടാം സീസൺ (മെ. ടൺ) |
|---|---|---|
| 2013-14 | 135581.059 | 400002.783 |
| 2014-15 | 143313.257 | 406742.523 |
| 2015-16 | 161688.039 | 35612.744 (14.02.2016 വരെ) |

ശരാശരി 30 ദിവസത്തെ ഇടവേളയിൽ സംഭരിച്ച നെല്ലിന്റെ വില നൽകിയിട്ടുണ്ട്.

(സി) തന്നാണ്ടിലെ ബഡ്ജറ്റിൽ സബ്സിഡി നൽകുന്നതിനു വകയിരുത്തപ്പെട്ട തുക , ഇതിനകം പിൻവലിച്ച തുക എന്നിവ എത്രയെന്ന് അറിയിക്കാമോ ;

(സി) 2015-16 ബജറ്റിൽ 190 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കൂടാതെ 125 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 14.02.2016 വരെ 282 കോടി രൂപ നെല്ല് സംഭരണ ഇനത്തിൽ ചെലവഴിച്ചു.

(ഡി) നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് കുടിശ്ശികയായിട്ടുള്ള മൊത്തം തുക എത്രയെന്ന് അറിയിക്കാമോ ;

(ഡി) നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് 01.01.2016 മുതൽ 04.02.2016 വരെ 26.35 കോടി രൂപ SIB (State Incentive Bonus) ഇനത്തിൽ കുടിശ്ശികയുണ്ട്.

(ഇ) കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷത്തെയും നെല്ല് ഉല്പാദനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഉല്പാദനത്തിന്റെ എത്ര ശതമാനം വീതം ഓരോ വർഷവും സംഭരിക്കുകയുണ്ടായി എന്ന് അറിയിക്കാമോ ?

(ഇ) കഴിഞ്ഞ 5 വർഷത്തെ നെല്ല് ഉത്പാദനം സംബന്ധിച്ച വിവരം കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം1

### ജില്ല തിരിച്ചുള്ള നെല്ലിന്റെ ഉൽപ്പാദനം 2010-2011 മുതൽ 2014-2015 വരെ (MT)

| | ജില്ല | 2010-2011 | 2011-2012 | 2012-2013 | 2013-2014 | 2014-2015 |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 6923 | 6139 | 4096 | 5326 | 5561 |
| 2. | കൊല്ലം | 7155 | 4768 | 2928 | 3234 | 3150 |
| 3. | പത്തനംതിട്ട | 6628 | 8989 | 6041 | 7554 | 7573 |
| 4. | ആലപ്പുഴ | 91325 | 111979 | 104593 | 106866 | 103095 |
| 5. | കോട്ടയം | 40970 | 63578 | 51019 | 50729 | 49393 |
| 6. | ഇടുക്കി | 4744 | 3134 | 3183 | 1796 | 1803 |
| 7. | എറണാകുളം | 17823 | 16573 | 8533 | 9056 | 9974 |
| 8. | തൃശ്ശൂർ | 53079 | 62318 | 67569 | 66653 | 76016 |
| 9. | പാലക്കാട്ട് | 218155 | 224410 | 189229 | 238065 | 236396 |
| 10. | മലപ്പുറം | 21069 | 18577 | 15377 | 19709 | 22279 |
| 11. | കോഴിക്കോട് | 3814 | 4274 | 5326 | 3850 | 3423 |
| 12. | വയനാട് | 27911 | 23526 | 28052 | 30755 | 26168 |
| 13. | കണ്ണൂർ | 13308 | 12170 | 14237 | 11293 | 11164 |
| 14. | കാസർഗോഡ് | 9834 | 8555 | 8116 | 9439 | 6095 |
| 15. | ആകെ | 522738 | 568990 | 508299 | 564325 | 562090 |

നെല്ല് സംഭരിച്ചതിന്റെ അളവ് 2010-11 മുതൽ 2014-15 വരെ ലക്ഷം മെട്രിക് ടൺ

| 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| 3.87 | 5.60 | 3.56 | 5.356 | 5.49 |

സെക്ഷൻ ഓഫീസർ

സംഭരിച്ച നെല്ല് (ശതമാനത്തിൽ)

| വർഷം | സംഭരിച്ച നെല്ലിന്റെ ശതമാനം |
|---|---|
| 2010-2011 | 74% |
| 2011-2012 | 98% |
| 2012-2013 | 70% |
| 2013-2014 | 94.9% |
| 2014-2015 | 97.68% |

കൃഷി ഡയറക്ടർക്കുവേണ്ടി

...al Director of Agriculture (Marketing)
Directorate of Agriculture,
Vikas Bhavan, Thiruvananthapuram

പി.എസ്-16

സെക്ഷൻ ഓഫീസർ